2026
APRIL
02
THUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# നിയമസഭാ തിരഞ്ഞെടുപ്പ് : കേന്ദ്ര നിരീക്ഷകർക്ക് നിർദേശങ്ങളുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ

**ന്യൂഡൽഹി:** ഏപ്രിൽ 9-ന് നിയമസഭാ തിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന അസം, കേരളം എന്നീ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും വിന്യസിച്ച കേന്ദ്ര നിരീക്ഷകർക്ക് നിർദ്ദേശങ്ങളുമായി മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. എസ്.എസ്. സന്ധു, ഡോ. വിവേക് ജോഷി എന്നിവരുടെയും നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിലാണ് നിർദ്ദേശങ്ങൾ നൽകിയത്. തിരഞ്ഞെടുപ്പുകൾ ഉത്സവപ്രതീതിയിൽ സ്വതന്ത്രവും നിഷ്പക്ഷവുമായി നടത്തുന്നുവെന്നും യാതൊരുവിധ ഭീഷണികളോ അക്രമങ്ങളോ പ്രലോഭനങ്ങളോ തിരഞ്ഞെടുപ്പിൽ ഉണ്ടാകുന്നില്ലെന്നും ഉറപ്പാക്കാൻ കമ്മീഷൻ നിരീക്ഷകർക്ക് നിർദേശം നൽകി.

മാതൃകാ പെരുമാറ്റച്ചട്ടം കർശനമായി നടപ്പാക്കണമെന്നും ലംഘനങ്ങൾ സംബന്ധിച്ച പരാതികളിൽ ഉടനടി നടപടി സ്വീകരിക്കണമെന്നും കമ്മീഷൻ വ്യക്തമാക്കി. പൊതുജനങ്ങൾക്കും രാഷ്ട്രീയ പാർട്ടികൾക്കും സ്ഥാനാർത്ഥികൾക്കും അവരുടെ ഏജന്റുമാർക്കും പരാതികൾ ബോധിപ്പിക്കുന്നതിന് നിരീക്ഷകരുടെ ഫോൺ നമ്പറുകളും പരാതി കേൾക്കുന്ന സ്ഥലം, സമയം എന്നിവയും കൃത്യമായി പ്രസിദ്ധീകരിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

പ്രിസൈഡിങ് ഓഫീസർമാരുടെ പരിശീലനം കൃത്യമായി നടന്നുവെന്ന് നിരീക്ഷകർ ഉറപ്പാക്കണം. പ്രത്യേകിച്ച്, ഓരോ രണ്ട് മണിക്കൂറിലും വോട്ടിങ് ശതമാനവും വോട്ടെടുപ്പ് അവസാനിക്കുന്ന സമയത്തെ കണക്കുകളും ഇസിഐ നെറ്റ് - വോട്ടർ ടേൺഔട്ട് മൊഡ്യൂളിൽ കൃത്യസമയത്ത് രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കണം. കൂടാതെ വോട്ടുചെയ്യുന്നവരുടെ വിരലിൽ കൃത്യമായി മഷി പുരട്ടുന്നതിലും ഫോം 17-സി പൂരിപ്പിച്ച് വോട്ടെടുപ്പ് അവസാനിക്കുമ്പോൾ പോളിങ് ഏജന്റുമാർക്ക് പകർപ്പ് കൈമാറുന്നതിലും മോക്ക് പോൾ വിവരങ്ങൾ നീക്കം ചെയ്യുന്നതിലും പ്രത്യേക ശ്രദ്ധ നൽകണം.

വോട്ടർമാർക്ക് ക്യൂവിൽ ഇരിക്കാൻ ബെഞ്ചുകളും മൊബൈൽ ഫോണുകൾ നിക്ഷേപിക്കാൻ സൗകര്യവും ഉൾപ്പെടെ ഉറപ്പാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ എല്ലാ വോട്ടെടുപ്പ് കേന്ദ്രങ്ങളിലും ലഭ്യമാണെന്ന് നിരീക്ഷകർ സ്ഥിരീകരിക്കണം.വെബ്കാസ്റ്റിങ് നിരീക്ഷണത്തിന് കൺട്രോൾ റൂം ക്രമീകരണങ്ങൾ കൃത്യമായി പരിശോധിക്കണം. ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ട്രയൽ റൺ നടത്തണം. പിഴവുകൾ തിരിച്ചറിയാനും റിപ്പോർട്ട് ചെയ്യാനും ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകിയിട്ടുണ്ടെന്ന് നിരീക്ഷകർ ഉറപ്പാക്കണമെന്നും മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷൻ കേന്ദ്ര നിരീക്ഷകർക്ക് നിർദ്ദേശം നൽകി.

## ഓപ്പറേഷൻ ബ്രേക്ക്ത്രൂ :

## കൊച്ചി നഗരസഭാ പരിധിയിൽ വിവിധ ഇടങ്ങളിൽ ജില്ലാ കളക്ടർ സന്ദർശനം നടത്തി

**കൊച്ചി:** ഓപ്പറേഷൻ ബ്രേക്ക്ത്രൂവിന്റെ ഭാഗമായി കൊച്ചി നഗരസഭാ പരിധിയിലെ വിവിധ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ ജി പ്രിയങ്ക നേരിട്ട് വിലയിരുത്തി.

വരാനിരിക്കുന്ന കാലവർഷത്തിന് മുന്നോടിയായി നഗരത്തിലെ വെള്ളക്കെട്ടുകൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ശുചീകരണ പരിപാടികൾ ജില്ലാ കളക്ടർ നേരിട്ടെത്തി പരിശോധന നടത്തി വിലയിരുത്തുകയായിരുന്നു.

നഗരസഭയുടെ കീഴിലുള്ള പ്രധാന തോടുകളുടെയും കാനകളുടെയും ശുചീകരണ പുരോഗതി കളക്ടർ വിലയിരുത്തി. വരും ദിവസങ്ങളിലും നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ നേരിട്ടുള്ള പരിശോധന തുടരുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.



*ഓപ്പറേഷൻ ബ്രേക്ക്ത്രൂവിന്റെ ഭാഗമായി സൗത്ത് റെയിൽവേ സ്റ്റേഷൻ പരിസരത്തെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ ജി പ്രിയങ്ക വിലയിരുത്തുന്നു.*

# എൻഡിഎയുടെ പ്രകടന പത്രിക കേരളത്തിന്റെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കും: സാബു എം. ജേക്കബ്

**കിഴക്കമ്പലം:** സംസ്ഥാന നിയമ സഭ തിരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലെ വിവിധ മുന്നണികൾ പുറത്തിറക്കിയ പ്രകടന പത്രികയിൽ ഏറ്റവും മികച്ചതും കേളത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ പ്രകടന പത്രിക എൻഡിഎയുടേതാണെന്ന് ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിലക്കയറ്റം പിടിച്ചുനിറുത്താൻ ട്വന്റി20 പാർട്ടി നടപ്പാക്കി വിജയിച്ച ഭക്ഷ്യസുരക്ഷാ മാർക്കറ്റുകൾ കേരളത്തിലെമ്പാടും നടപ്പാക്കും. ഭക്ഷ്യസുരക്ഷാ മാർക്കറ്റുകൾ ആരംഭിക്കാൻ വരുന്ന കാലതാമസം മറികടക്കാൻ വീട്ടമ്മമാർക്ക് ഭക്ഷ്യസുരക്ഷാ കാർഡ് നൽകും. മാസം 2500 രൂപ വീതം വർഷത്തിൽ 30000 രൂപയുടെ സാമ്പത്തിക സഹായം ഇതിലൂടെ ഓരോ കുടുംബത്തിനും ലഭിക്കും. ഭക്ഷ്യസുരക്ഷാ മാർക്കറ്റിനൊപ്പം എല്ലാ പഞ്ചായത്തിലും 50 ശതമാനം വിലക്കുറവിൽ ജീവൻ രക്ഷാമരുന്നുകൾക്ക് പുറമെ എല്ലാ പഞ്ചായത്തുകളിലും ഇരുപത്തിനാല് മണിക്കുറും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ആശുപത്രിയും, സൗജന്യ ആംബുലൻസ് സേവനവും ലഭ്യമാക്കും. ഓണത്തിനും, ക്രിസ്മസിനും വർഷത്തിൽ ഓരോ പാചക വാകത സിലിണ്ടറുകൾ വീതം സൗജന്യമാക്കും. ഒരുകുടുംബത്തിന് 20000 ലിറ്റർ കുടിവെള്ളം സൗജന്യമാക്കും. കൂടാതെ വൈദ്യുതി ബില്ലിൽ 50 ശതമാനം വരെ സബ്സിഡി നൽകും. കേന്ദ്രത്തിന്റെ 70 വയസ് കഴിഞ്ഞവർക്കുള്ള 5 ലക്ഷം രൂപയുടെ ചികിത്സാ ഇൻഷുറൻസ് പദ്ധതിയായ പി.എം.ജെ.വൈ പദ്ധതി കേരളത്തിലും നടപ്പാക്കും. കൂടാതെ കേരളത്തിൽ എയിംസ് കൊണ്ടുവരും. സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരം എഴുപത് വയസ് കഴിഞ്ഞവർക്കും, വിധവകൾ, ഗൃഹനാഥകൾ എന്നിവർക്ക് ക്ഷേമ പെൻഷൻ പ്രതിമാസം 3000 രൂപ ലഭിക്കും.



റബ്ബർ, കാപ്പി, കശുവണ്ടി, വാഴ, നെല്ല് കർഷകർക്ക് കൈത്താങ്ങായി സബ്സിഡി നേരിട്ട് അവരുടെ അക്കൗണ്ടിൽ ലഭ്യമാക്കും. കൃഷി ഭൂമിയിൽ തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ മരങ്ങൾ നട്ട് വളർത്തുന്നതിനും സ്വതന്ത്രമായി വിപണനം ചെയ്യുന്നതിനുമുള്ള നിയമ നിർമ്മാണം നടത്തും.

സർക്കാർ സ്കൂളുകളിൽ 12-ാം ക്ലാസുവരെ സൗജന്യ ഇംഗ്ലീഷ് വിദ്യഭ്യാസം നടപ്പാക്കും. ഒപ്പം കുട്ടികൾക്ക് പഠ്യവിഷയങ്ങൾക്കപ്പുറം പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കും. കേരളത്തിലെ മുഴുവൻ റോഡുകളിലും ഓട്ടോമേറ്റഡ് എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ച് സ്ത്രീസുരക്ഷ ഉറപ്പാക്കും. ഒപ്പം കേരളത്തെ തെരുവ്നായ മുക്തവുമാക്കുന്ന പദ്ധതികൾ അവതരിപ്പിക്കും. കുറ്റകൃത്യങ്ങളോടും, മയക്കുമരുന്ന് വ്യാപനത്തോടും യാതൊരുവിട്ടുവീഴ്ച്ചയും ചെയ്യില്ല. പോലീസ് സ്റ്റേഷനുകളെ രാഷ്ട്രീയ മുക്തമാക്കും. അടുത്ത ഏഴ് വർഷത്തിനകം കേരളത്തെ ലഹരി വിമുക്ത സംസ്ഥാനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. മുല്ലപ്പെരിയാർ അണക്കെട്ട് ഭീഷണി ശാശ്വതമായി പരിഹരിക്കും. തീരദേശത്തെ 9 ലക്ഷത്തിലധികം ജനങ്ങളുടെ സുരക്ഷയ്ക്കായി കടൽഭിത്തി നിർമ്മിച്ച് കടലാക്രമണ ഭീഷണി പൂർണ്ണമായും തടയും. നൂറു ശതമാനം മനുഷ്യ വന്യജീവി സംഘർഷം ഇല്ലതാക്കും.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, തൊഴിൽ സംസ്കാരം വർദ്ധിപ്പിക്കുന്നതിനും സംരംഭകർക്ക് ഓരോ തൊഴിലിനും തൊഴിൽ സബ്സീഡി ഒരുലക്ഷം രൂപ വീതം നൽകും. അടുത്ത അഞ്ച് വർഷം കൊണ്ട് 10 മുതൽ 20 ലക്ഷം പുതിയ തൊഴിൽ ലഭ്യത ഉറപ്പാക്കും. കേരളത്തിലെ മുഴുവൻ മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും അടുത്ത 10 വർഷം കൊണ്ട് മെട്രോ കണക്ടിവിറ്റി, ഫ്ളൈ ഓവറുകൾ, റിങ്ങ് റോഡുകൾ എന്നിവ നിർമ്മിക്കും. കൂടാതെ വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം, ഹൈസ്പീഡ് റെയിൽ കോറിഡോറുകൾ എന്നിവയും സാധ്യമാക്കും. സർക്കാർ സേവനങ്ങൾ എഐ സാങ്കേതിക വിദ്യയുടെ സഹായത്താൽ കൂടുതൽ കാര്യക്ഷമമാക്കും. എൻഡിഎ സർക്കർ അധികാരത്തിലെത്തിയാൽ കേരളമൊട്ടാകെ ട്വന്റി20 മോഡൽ നടപ്പാക്കുമെന്നും കേരളത്തിന്റെ പൊതുകടം അടുത്ത 8 വർഷം കൊണ്ട് പൂർണ്ണമായും ഇല്ലാതാക്കും. ഒമ്പതാം വർഷം കേരളത്തിൽ മിച്ച ബഡ്റ്റ് അവതരിപ്പിക്കുമെന്നും സാബു ജേക്കബ് പറഞ്ഞു.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **കടവന്ത്ര ജി.സി.ഡി എകോംപ്ലക്സിലെ ക്ലിന്റ് ആർട്ട് ഗ്യാലറി :** വനിതകളുടെ ചിത്രപ്രദർശനം രാവിലെ 10ന്.
- **എറണാകുളം സുബ്രഹ്മണ്യക്ഷേത്രം :** പൈങ്കുനി ഉത്ര ഉത്സവം രാവിലെ 6ന്.

## മൂവാറ്റുപുഴ

- **നിർമല കോളേജ് ഗ്രൗണ്ട് :** 2026-27 വർഷത്തെ ഫുട്ബോൾ ടീമിൽ പ്രവേശനത്തിനുള്ള തെരഞ്ഞെടുപ്പ് രാവിലെ 8ന് നടക്കും.

## വരാപ്പുഴ

- **കൂനമ്മാവ് ചാവറ തീർത്ഥാടന കേന്ദ്രം :** വിശുദ്ധവാര തിരുകർമ്മങ്ങൾ വൈകിട്ട് 5ന് തിരുവത്താഴ പൂജ ഫാ. അഖിൽ ജോസഫ് വചന സന്ദേശം നൽകും.

## കുമ്പളങ്ങി

- **ഇല്ലിക്കൽ ദേവസ്വം യോഗം ശ്രീ അർദ്ധനാരീശ്വര ക്ഷേത്രം :** പള്ളിവേട്ട മഹോത്സവം ഉച്ചയ്ക്ക് 12.30ന് ആറാട്ട്, വൈകിട്ട് ആറാട്ടിന് പുറപ്പാടും ആറാട്ട്പൂരവും.

# സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് പരിശോധന ഇന്നും നാളെയും

**കൊച്ചി:** കേരള നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കുകളുടെ രണ്ടാംഘട്ട പരിശോധന ഇന്നും നാളെയുമായി നടക്കും. 1951-ലെ ജനപ്രാതിനിധ്യ നിയമം വകുപ്പ് 77 പ്രകാരം എല്ലാ സ്ഥാനാർത്ഥികളും തങ്ങളുടെ വരവ്-ചെലവ് കണക്കുകൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തണം. നിശ്ചിത തീയതികളിൽ കണക്കുകൾ ഹാജരാക്കാത്ത സ്ഥാനാർത്ഥികൾക്കെതിരെ നടപടികൾ സ്വീകരിക്കുമെന്ന്, ഇലക്ഷൻ എക്സ്പെൻഡിച്ചർ മോണിറ്ററിങ് നോഡൽ ഓഫീസർ പറഞ്ഞു. കൂടാതെ, വീഴ്ച വരുത്തുന്നവർക്ക് വോട്ടെടുപ്പുമായി ബന്ധപ്പെട്ട് നേരത്തെ നൽകിയിട്ടുള്ള വാഹനാനുമതി, റാലി, ഉച്ചഭാഷിണി തുടങ്ങിയവയ്ക്കുള്ള അനുമതി റദ്ദാക്കും.

# വോട്ട് രേഖപ്പെടുത്തൂ, ഒരു രൂപക്ക് പുട്ടുപൊടി സ്വന്തമാക്കൂ; വോട്ടർമാർക്കായി സപ്ലൈകോയുടെ ഓഫർ

**കൊച്ചി:** ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകുന്ന വോട്ടർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി വേറിട്ട ഓഫറുമായി സപ്ലൈകോ. ഏപ്രിൽ 9-ന് നടക്കുന്ന തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നവർക്ക് ഒരു രൂപയ്ക്ക് ഒരു കിലോ ശബരി പുട്ടുപൊടി നൽകുമെന്ന് അധികൃതർ അറിയിച്ചു. തിരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായാണ് ജില്ലാ ഭരണകൂടം, സ്വീപ് (സിസ്റ്റമാറ്റിക് വോട്ടേഴ്സ് എജ്യുക്കേഷൻ ആൻഡ് ഇലക്ട്രോറൽ പാർട്ടിസിപ്പേഷൻ), സപ്ലൈകോ എന്നിവ സംയുക്തമായി 'വോട്ടു ചെയ്യൂ, പുട്ടടിക്കൂ' എന്ന ടാഗ്‌ലൈനോടെയുള്ള ഈ ക്യാമ്പയിൻ അവതരിപ്പിക്കുന്നത്. വോട്ട് രേഖപ്പെടുത്തിയ ശേഷം ഏപ്രിൽ 10, 11 തീയതികളിൽ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ സന്ദർശിക്കുന്നവർക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

വോട്ട് ചെയ്തതിന്റെ തെളിവായി വിരലിലെ മഷിയടയാളം പരിശോധിച്ച ശേഷമായിരിക്കും പുട്ടുപൊടി നൽകുക. സപ്ലൈകോയിൽ നിന്ന് 1,000 രൂപയ്ക്ക് മുകളിൽ സബ്സിഡിയില്ലാത്ത സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്കാണ് ഒരു രൂപയ്ക്ക് ഒരു കിലോ പുട്ടുപൊടി ലഭിക്കുക.

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് – അവധിക്കാല ക്യാമ്പുകൾക്ക് രജിസ്റ്റർ ചെയ്യാം

**തിരുവനന്തപുരം:** കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏപ്രിൽ-മേയ് മാസങ്ങളിൽ സ്കൂൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വിവിധ സംസ്ഥാനതല ക്യാമ്പുകളിലേക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാം. കഥ, കവിത, സയൻസ് എന്നിങ്ങനെ മൂന്നു വിഷയങ്ങളിലാണ് ക്യാമ്പുകൾ. കോട്ടയം (കവിത), തൃശ്ശൂർ (ശാസ്ത്രം), കണ്ണൂർ (കഥ) ജില്ലകളിലാണ് ക്യാമ്പുകൾ നടക്കുക. മൂന്നു ദിവസമാണ് ക്യാമ്പുകളുടെ ദൈർഘ്യം.

ഒരു ക്യാമ്പിൽ 40 കുട്ടികൾക്കാണ് പ്രവേശനം. https://ksicl.org വഴി ഏപ്രിൽ 15 വരെ സൗജന്യമായി രജിസ്റ്റർ ചെയ്യാം. 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു പങ്കെടുക്കാം. 2025 ലെ തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത കുട്ടികൾക്ക് മുൻഗണന ലഭിക്കും. ക്യാമ്പുകളുടെ തീയതിയും സ്ഥലവും പിന്നീട് അറിയിക്കും. വിശദവിവരങ്ങൾക്ക്: 8547971483.

# തീയതി നീട്ടി

**തിരുവനന്തപുരം:** 2026 ലെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി, എസ്.എസ്.എൽ.സി (എച്ച്.ഐ), ടി.എച്ച്.എസ്.എൽ.സി (എച്ച്.ഐ) പരീക്ഷകളിൽ ഗ്രേസ് മാർക്കിന് അർഹതയുള്ള വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് സ്കൂളുകളിൽ നിന്ന് പരീക്ഷാഭവന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 7 വരെ നീട്ടി. മറ്റു തീയതികളിൽ മാറ്റമില്ല.

# ഡിജിറ്റൽ എക്സറേ യൂണിറ്റും, നവീകരിച്ച അത്യാഹിത വിഭാഗവും ഉദ്ഘാടനം ചെയ്തു

**കൊച്ചി:** ശ്രീ സുധീന്ദ്ര ആശുപത്രിയിൽ ബിപിസിഎൽ കൊച്ചി റിഫൈനറിയുടെ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ച ഡിജിറ്റൽ എക്സ് റേ യൂണിറ്റും, നവീകരിച്ച അത്യാഹിത വിഭാഗവും ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ എക്സ് റേ യൂണിറ്റിന്റെ ഉദ്ഘാടനം ബിപിസിഎൽ ജനറൽ മാനേജർ ജോർജ് തോമസ് നിർവ്വഹിച്ചു. നവീകരിച്ച അത്യാഹിത വിഭാഗത്തിന്റെ ഉദ്ഘാടനം ആശുപത്രിയിൽ ദീർഘകാലം സേവനം അനുഷ്ഠിച്ച മുതിർന്ന ഡോക്ടർമാരായ ടി.എൽ.പി.പ്രഭു, കെ.എ.ചാക്കോ എന്നിവർ ചേർന്ന് നിർവ്വഹിച്ചു. ചടങ്ങിൽ ആശുപത്രി ബോർഡ് പ്രസിഡന്റ് രത്നാകര ഷേണായി, ജനറൽ സെക്രട്ടറി മനോഹർ പ്രഭു, മെഡിക്കൽ ഡയറക്ടർ ഡോ.എം.ഐ. ജുനൈദ് റഹ്മാൻ, ഡോ. സച്ചിൻ സുരേഷ്, ഡോ. അമ്മു ഭാസ്കർ, തുടങ്ങിയവർ പ്രസംഗിച്ചു.



*ശ്രീ സുധീന്ദ്ര ആശുപത്രിയിൽ സ്ഥാപിച്ച ഡിജിറ്റൽ എക്സ് റേ യൂണിറ്റിന്റെ ഉദ്ഘാടനം ബിപിസിഎൽ ജനറൽ മാനേജർ ജോർജ് തോമസ് നിർവ്വഹിക്കുന്നു. രത്നാകര ഷേണായി, മനോഹർ പ്രഭു, ഡോ. എം.ഐ ജുനൈദ് റഹ്മാൻ, ഡോ. ടി.എൽ.പി.പ്രഭു, ഡോ. കെ.എ.ചാക്കോ തുടങ്ങിയവർ സമീപം.*

# 7 ലക്ഷം സന്ദർശകർ; കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പ് സമാപിച്ചു

**കൊച്ചി:** മൂന്നു മാസത്തിലധികം കൊച്ചി നഗരത്തെ രാജ്യത്തിന്റെ സമകാലീന കലാതലസ്ഥാനമാക്കി കൊച്ചി-മുസിരിസ് ബിനാലെയുടെ ആറാം പതിപ്പിന് സമാപനമായി. ഈ മേളയിലൂടെ രൂപപ്പെട്ട സർഗ്ഗാത്മക ഊർജ്ജം ലോകമെമ്പാടുമുള്ള കലാകാരന്മാർക്ക് തുടർന്നും പ്രചോദനമാകുമെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വേണു വി. പറഞ്ഞു.

കലാകാരന്മാരുടെ ശക്തമായ പങ്കാളിത്തം, വൈവിധ്യമാർന്ന പ്രമേയങ്ങൾ, വിപുലമായ ജനകീയ പങ്കാളിത്തം എന്നിവയിലൂടെ ആറാം ലക്കം വൻ വിജയമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ബിനാലെയുടെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ വേദികളിലാണ് ഇത്തവണ കൊച്ചിയിൽ പ്രദർശനം നടന്നത്. 29 വേദികളിലും മേളയിലുടനീളം വൻ ജനത്തിരക്കാണ് അനുഭവപ്പെട്ടത്. ആകെ 7 ലക്ഷത്തിലധികം കലാപ്രേമികൾ ആണ് കൊച്ചി മുസിരിസ് ബിനാലെ സന്ദർശിച്ചത്.

Kochi-Muziris Biennale 2025

കൊച്ചി-മുസിരിസ് ബിനാലെയിലെ തന്റെ ചുമതല തന്റെ കരിയറിലെ ഏറ്റവും ദൈർഘ്യമേറിയതും വെല്ലുവിളികൾ നിറഞ്ഞതുമായ അനുഭവമായിരുന്നുവെന്ന് ക്യൂറേറ്റർ നിഖിൽ ചോപ്ര വിശേഷിപ്പിച്ചു. ക്യൂറേറ്റർ എന്ന ഉത്തരവാദിത്തം നിറവേറ്റുന്നതിൽ എച്ച്എച്ച് ആർട്ട് സ്പേസസിന്റെ പിന്തുണ വിലമതിക്കാനാവാത്തതായി.

ആറാം പതിപ്പ് സമാപിക്കുമ്പോൾ കൊച്ചി-മുസിരിസ് ബിനാലെ കേവലം ഒരു കലാമേള മാത്രമല്ലെന്നും അത് പഠിക്കാനും പങ്കുവെക്കാനുമുള്ള വലിയ പാഠശാല ആയിരുന്നെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ സിഇഒ തോമസ് വർഗീസ് പറഞ്ഞു. കലാകാരന്മാർ, തൊഴിലാളികൾ, സന്നദ്ധപ്രവർത്തകർ, സംഘാടകർ എന്നിവരുടെ കഠിനാധ്വാനമാണ് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഈ പതിപ്പിനെ ജനങ്ങളുടെ ബിനാലെ ആക്കിയതെന്ന് അദ്ദേഹം പറഞ്ഞു.

വെയർഹൗസുകളെ പ്രദർശന വേദികളാക്കി മാറ്റിയ കരാറുകാർ, സാങ്കേതിക വിദഗ്ധർ, തൊഴിലാളികൾ എന്നിവർക്കൊപ്പം അഡ്മിനിസ്ട്രേഷൻ, പ്രൊഡക്ഷൻ, പ്രോഗ്രാംസ്, ഹോസ്പിറ്റാലിറ്റി, കമ്മ്യൂണിക്കേഷൻസ് തുടങ്ങിയ വിഭാഗങ്ങളിലെ ടീമുകൾക്കും അദ്ദേഹം നന്ദി അറിയിച്ചു.140-ലധികം വോളന്റിയർമാർ, ആർട്ട് മീഡിയേറ്റർമാർ, ജീവനക്കാർ തുടങ്ങിയവർ നൽകിയ സംഭാവനകളെയും സിഇഒ അഭിനന്ദിച്ചു. സന്ദർശകർക്ക് മികച്ച സേവനങ്ങൾ നൽകാൻ സഹായിച്ച കുടുംബശ്രീ പോലുള്ള കമ്മ്യൂണിറ്റി സംരംഭങ്ങൾക്കും കൊച്ചി കോർപ്പറേഷന്റെ പിന്തുണയ്ക്കും അദ്ദേഹം നന്ദി പറഞ്ഞു. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) ചീഫ് ജനറൽ മാനേജർ (എച്ച്ആർ) ജോർജ് തോമസ് ടീം അംഗങ്ങൾക്ക് ഉപഹാരങ്ങൾ വിതരണം ചെയ്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അഞ്ജലി നായരുടെ പേരിലെ തിരുത്ത് അനുകൂല തീരുമാനമെടുക്കാൻ ഹൈക്കോടതി നിർദ്ദേശം

**കൊച്ചി:** തൃപ്പൂണിത്തുറയിലെ എൻഡിഎ സ്ഥാനാർത്ഥി അഞ്ജലി നായരുടെ പേര് തിരുത്താനുള്ള അപേക്ഷയിൽ അനുകൂലമായ തീരുമാനമെടുക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷനോട് ഹൈക്കോടതി നിർദ്ദേശിച്ചു.

തൃപ്പൂണിത്തുറയിലെ എൻഡിഎ സ്ഥാനാർത്ഥി അഞ്ജലി നായർ ബാലറ്റ് പേപ്പറിലും, ഇവിഎം മെഷീനിലും തന്റെ പേര് അഞ്ജലി നായർ എന്നാക്കണമെന്ന് ആവശ്യപ്പെട്ട് തിരഞ്ഞെടുപ്പ് കമ്മീഷന് അപേക്ഷ നൽകിയെങ്കിലും അത് പരിഗണിക്കാതെ വന്നതിനെതുടർന്നാണ് ഹൈക്കോടതിയെ സമീപിച്ചത്. അഞ്ജലി നായരുടെ ഹർജി പരിഗണിച്ച കോടതി ശനിയാഴ്ച 11 മണിക്ക് റിട്ടേണിംഗ് ഓഫീസറോട് ഹിയറിംഗ് നടത്താനും അതിന്മേൽ അന്നുതന്നെ തീരുമാനമെടുക്കാനും ഉത്തരവിട്ടു. ജനാധിപത്യ പ്രക്രിയയിൽ വോട്ടർമാർക്ക് അവരുടെ സ്ഥാനാർത്ഥികളെ ഫലപ്രദമായി തിരഞ്ഞെടുക്കാൻ കഴിയണമെന്നും ഒരു വോട്ടർ പോലും തെറ്റിദ്ധരിക്കപ്പെടരുതെന്നും കേസ് പരിഗണിച്ച ജസ്റ്റിസ് കുഞ്ഞികൃഷ്ണൻ വാക്കാൽ പറഞ്ഞു.

അഞ്ജലിയുടെ അപേക്ഷ അനുകൂലമായി പരിഗണിക്കണമെന്നും തിരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ഹാജരായ അഭിഭാഷകനോട് അദ്ദേഹം വാക്കാൽ പറഞ്ഞു.

# ഉമാ തോമസിന്റെ വാഹനപര്യടനത്തിന് സമാപനം




**തൃക്കാക്കര:** തൃക്കാക്കര നിയോജക മണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി ഉമ തോമസിന്റെ വാഹന പര്യടനത്തിന് ആവേശോജ്വലമായ സമാപനം. പൂണിത്തുറ മണ്ഡലത്തിലെ പര്യടനത്തോടെയാണ് കഴിഞ്ഞ പത്ത് ദിവസങ്ങളായി നടന്നുവന്ന വാഹന പര്യടന പരിപാടി അവസാനിച്ചത്.

വൈറ്റിലയിലെ കടുപ്പത്ത് റോഡിൽ നിന്ന് ആരംഭിച്ച പൂണിത്തുറ മണ്ഡലം പര്യടനം കെ.പി.സി.സി സെക്രട്ടറി തമ്പി സുബ്രഹ്മണ്യം ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് രതീഷ് പൂണിത്തുറ അധ്യക്ഷനായി, യു.ഡി.എഫ് നിയോജകമണ്ഡലം ചെയർമാൻ എം.എസ് അനിൽകുമാർ, യു.ഡി.എഫ് ഭാരവാഹികളായ ജോഷി പള്ളൻ എം.എക്സ് സെബാസ്റ്റ്യൻ, വി.പി ചന്ദ്രൻ, മറ്റ് നേതാക്കൾ ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. വലിയ പങ്കാളിത്തത്തോടെയാണ് ഓരോ മണ്ഡലങ്ങളിലെയും പര്യടനം നടന്നത്. കടുത്ത ചൂടിനെയും അപ്രതീക്ഷിതമായി എത്തിയ മഴയെയും അവഗണിച്ചാണ് ഉമ തോമസ് തന്റെ വാഹന പര്യടനം പൂർത്തിയാക്കിയത്. വാഹന പര്യടനം കടന്നുപോയ ഓരോ കേന്ദ്രങ്ങളിലും സ്ഥാനാർത്ഥിക്ക് ലഭിച്ച ഹൃദ്യമായ സ്വീകരണം യു.ഡി.എഫ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം നൽകുന്നു. വരും ദിവസങ്ങളിൽ കൂടുതൽ പേരെ നേരിൽ കണ്ട് വോട്ട് അഭ്യർത്ഥിക്കാനാണ് സ്ഥാനാർത്ഥി ലക്ഷ്യമിടുന്നത്. തെലങ്കാന ഐ.ടി, നിയമ വകുപ്പ് മന്ത്രി ഡി. ശ്രീധർ ബാബു തൃക്കാക്കര നിയോജകമണ്ഡലം യു.ഡി.എഫ് ഉമ തോമസിനെ സന്ദർശിച്ചു. സ്ഥാനാർത്ഥിയുടെ പാലാരിവട്ടത്തെ വസതിയിലെത്തിയ അദ്ദേഹം പരസ്പരം ആശയ വിനിമയം നടത്തുകയും തിരഞ്ഞെടുപ്പ് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. എല്ലാ വിധ വിജയാശംസകളും നേർന്നാണ് അദ്ദേഹം മടങ്ങിയത്.

# കടുങ്ങല്ലൂരിൽ ആവേശം വിതറി പി.രാജീവ്



**കളമശ്ശേരി:** കടുങ്ങല്ലൂർ പഞ്ചായത്തിലെ എടയാറിൽ നിന്നുമായിരുന്നു ഇന്നലെ പി രാജീവിന്റെ തെരഞ്ഞെടുപ്പ് പര്യടനം ആരംഭിച്ചത്. കേരള സ്റ്റേറ്റ് ലോട്ടറി വർക്കേഴ്സ് യൂണിയൻ അമ്പലമുകൾ മേഖല ഒരുക്കിയ ബാൻഡ് മേളത്തിന്റെ അകമ്പടിയോടെയായിരുന്നു ഇന്നലത്തെ പര്യടനം. മുതുകാടിൽ പാർട്ടി പ്രവർത്തകർ ആവേശത്തോടെയാണ് സ്ഥാനാർത്ഥിയെ സ്വീകരിച്ചത്. മുതുകാട് നിന്നും ആലുങ്കൽ നഗർ വഴി പൊന്നാരത്തേക്ക് എത്തുന്ന വഴിയിലൂടെ പോകുമ്പോൾ 'ജലജീവൻ മിഷനു വേണ്ടി കുത്തിപ്പൊളിച്ച ഈ റോഡ് രാജീവ് സഖാവാണ് സഞ്ചാര യോഗ്യമാക്കിയത്' എന്ന് നാട്ടുകാർ പറയുന്നുണ്ടായിരുന്നു. പൊന്നാരം കവലയിൽ നിന്നും സ്വീകരണങ്ങൾ ഏറ്റുവാങ്ങിയ ശേഷം മുപ്പത്തടം കവലയും കേശവൻ നായരുടെ ചായക്കടയും പഞ്ചായത്ത് കവലയും പിന്നിട്ട് അലിയാർ ജംഗ്ഷനിലേക്ക് നീങ്ങുമ്പോൾ ബാലസംഘം പ്രവർത്തകരായ കുട്ടികൾ കൊടി വീശി പൂക്കൾ സമ്മാനിച്ച് അദ്ദേഹത്തെ വരവേറ്റു. മുട്ടം രക്തസാക്ഷി അഷ്റഫിന്റെ സഹോദരൻ മീതിയന്റെ വീട്ടിന് മുന്നിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ വിധവ നബീസ രാജീവിനെ സ്വീകരിക്കാൻ ഒരു കസേരയിട്ട് ഇരിക്കുന്നുണ്ടായിരുന്നു. പിന്നീട് അലിയാർ ജംഗ്ഷനിൽ നിന്നും വെട്ടുകാട് കറങ്ങിപോട്ട ജംഗ്ഷനിലേക്കും മില്ലുപടി ജംഗ്ഷനിൽ 'സിപിഐ(എം) സിന്ദാബാദ് പി രാജീവ് സിന്ദാബാദ്' എന്ന് മുദ്രാവാക്യം വിളിച്ച കുരുന്ന് കൗതുകമായി.

മൂലേപീടികയിലെ സ്വീകരണ കേന്ദ്രത്തിൽ കൈക്കുഞ്ഞുമായി വരെ ആളുകൾ സ്ഥാനാർത്ഥിയെ കാത്തു നിന്നിരുന്നു. ഉച്ചവരെയുള്ള പ്രചാരണ പരിപാടികൾ അവസാനിപ്പിച്ച് സ്ഥാനാർഥി പിന്നീട് കരുമാലൂർ സെന്റ് മേരിസ് കോൺവെന്റിലും എത്തി വോട്ടു തേടി. തുടർന്ന് കുന്നുകര ശ്രീധർമ്മശാസ്താ-ദേവീ ക്ഷേത്രത്തിൽ സന്ദർശനം നടത്തിയ അദ്ദേഹം ഖാദിയിൽ നിന്നും വിരമിച്ച ശേഷം വീട്ടിൽത്തന്നെ കൈത്തറി യൂണിറ്റ് ആരംഭിച്ച ലളിത ചന്ദ്രനെയും സന്ദർശിച്ചു.

# മഴുവന്നൂരിന്റെ ഹൃദയം കീഴടക്കി ബാബു ദിവാകരൻ



**കുന്നത്തുനാട്:** കുന്നത്ത് നാട്ടിൽ മാറ്റത്തിന്റെ പുത്തൻ പ്രതീക്ഷയായ മാറിയിരിക്കുന്ന ട്വന്റി20-എൻഡിഎ സ്ഥാനാർത്ഥി ബാബു ദിവാകരൻ ഇന്നലെ മഴുവന്നൂർ പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിലായിരുന്ന വോട്ടു തേടിയെത്തിയത്. മഴൂവന്നൂരിന്റെ ഹൃദയം കീഴടക്കിയായിരുന്നു ബാബു ദിവാകരന്റെ പര്യടനം നടന്നത്. ഒരോ കേന്ദ്രങ്ങത്തിലും സ്ഥാനാർത്ഥിയെത്തുന്നതും കാത്ത് നിന്ന പ്രവർത്തകരും പ്രദേശവാസികളും ഷാളണിയിച്ചും പൂക്കൾ നൽകിയും തിരഞ്ഞെടുപ്പ് ചിഹ്നമായ ചക്ക നൽകിയും ഊഷ്മളമായ സ്വീകരണമാണ് ബാബു ദിവാകരന് നൽകിയത്.

മഴുവന്നൂർ വിട്ടൂരിൽ നിന്നാരംഭിച്ച പര്യടനം കാവുംപടി, മംഗലത്തുനട, വലമ്പൂർ, അമ്പലപ്പടി, പുളിയാമ്പിള്ളി, നെടുമല, കാരമൂട് തുടങ്ങിയ പ്രദേശങ്ങളിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങിയ പര്യടനം മഴുവന്നൂർ പഞ്ചായത്ത് ജംഗ്ഷനിൽ അവസാനിച്ചു. തിരഞ്ഞെടുപ്പ് പ്രചരണങ്ങൾക്കിടെ വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന വാഴക്കുളം പഞ്ചായത്ത് 21-ാം നമ്പർ ബൂത്ത് പ്രസിഡന്റ് സജികുമാറിനെ സ്ഥാനാർത്ഥി പര്യടനത്തിന് ഇടയിൽ ബാബു ദിവാകരൻ വീട്ടിലെത്തി സന്ദർശിച്ചു.

ട്വന്റി 20 കുന്നത്തുനാട് മണ്ഡലം വൈസ് പ്രസിഡന്റ് കൊച്ചുമോൾ മാത്യു, സെക്രട്ടറി ജിന്റോ ജോർജ്, എക്സിക്യൂട്ടീവ് അംഗം ഡോ. ജോർജ് പോൾ, ബ്ലോക്ക് മെമ്പർമാരായ ബിൻസി ബൈജു, ബബിത എൽദോ, വാർഡ് മെമ്പർമാരായ രാജി കെ ആർ, സജിത എൽദോ, രമ്യ ഗോകുൽ, മെറിൻ പൗലോസ്, ഷൈനി റെജി, കെ സി ജയചന്ദ്രൻ മുൻ വാർഡ് മെമ്പർമാരായ ജില്ലി രാജു, എൽദോ പി കെ, വാർഡ് പ്രസിഡന്റ് വിജയകുമാരി, എൻ.ഡി.എ കുന്നത്തുനാട് നിയോജകമണ്ഡലം കൺവീനർ വി.എൻ വിജയൻ, മണ്ഡലം പ്രസിഡന്റ് അഭിലാഷ് കെ എസ്, മണ്ഡലം ജനറൽ സെക്രട്ടറി അനു, ജില്ലാ വൈസ് പ്രസിഡന്റ് മനോജ് മനക്കേക്കര, എൻഡിഎ മഴുവന്നൂർ 39-ാം ബൂത്ത് കാൺവീനർ അജേഷ് കുമാർ, ചെയർമാൻ അജി, കർഷക മോർച്ച എറണാകുളം ഈസ്റ്റ് സെക്രട്ടറി അജേഷ് ഐരാപുരം, ബിജെപി പഞ്ചായത്ത് പ്രസിഡന്റ് ജയരാജ്, മണ്ഡലം ജനറൽ സെക്രട്ടറി സുമേഷ് സോമൻ, സംസ്ഥാന കൗൺസിൽ അംഗം കെ ചന്ദ്രമോഹൻ തുടങ്ങിയവർ സ്ഥാനാർത്ഥിയ്ക്കൊപ്പം പര്യടനത്തിൽ പങ്കെടുത്തു.

# ലേബർ കോഡ്: പത്രപ്രവർത്തക യൂണിയൻ കരിദിനം ആചരിച്ചു

**കൊച്ചി:** മാധ്യമപ്രവർത്തകരെ ലേബർ കോഡിൽ നിന്ന് ഒഴിവാക്കി വേജ് ബോർഡ് രൂപീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറാവണമെന്ന് എച്ച് എം എസ് നേതാവ് അഡ്വ തമ്പാൻ തോമസ് ആവശ്യപ്പെട്ടു. വേജ് ബോർഡ് രൂപീകരണം ആവശ്യപ്പെട്ട് കേരളപത്രപ്രവർത്തക യൂണിയനടക്കം നടത്തുന്ന സമരങ്ങളേയും നിയമപോരാട്ടങ്ങളേയും തൊഴിലാളി സംഘടനകൾ പിന്തുണയ്ക്കുമെന്ന് അദ്ദേഹം പറഞ്ഞു. പത്രപ്രവർത്തക യൂണിയൻ എറണാകുളം ജില്ലാകമ്മറ്റി സംഘടിപ്പിച്ച ലേബർ കോഡിനെതിരായ കരിദിനാചരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രസിഡന്റ് ആർ. ഗോപകുമാർ അദ്ധ്യക്ഷത വഹിച്ചു. സിഐടിയു ജില്ലാ പ്രസിഡന്റ് ജോൺ ഫെർണാസ്, യൂണിയൻ ജില്ലാസെക്രട്ടറി ഷജിൽ കുമാർ എന്നിവർ സംസാരിച്ചു

# എഫ്.സി.ആർ.എ. നിയമ ഭേദഗതി തീരുമാനം പുനഃപരിശോധിക്കുക: കെ.സി.വൈ.എം

**കൊച്ചി:** വിദേശ സംഭാവന നിയന്ത്രണ നിയമത്തിൽ (എഫ്.സി.ആർ.എ.) ഭേദഗതി കൊണ്ടുവരാനുള്ള കേന്ദ്ര സർക്കാർ നീക്കം അടിയന്തരമായി പുനപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കെ.സി.വൈ.എം സംസ്ഥാന സമിതി.

അഞ്ചുവർഷം കൂടുമ്പോഴാണ് എഫ്.സി.ആർ.എ. ലൈസൻസ് പുതുക്കേണ്ടത്. പുതുക്കൽ നിരസിക്കപ്പെടുകയോ അപേക്ഷ നൽകാതിരിക്കുകയോ കാലാവധി കഴിഞ്ഞും പുതുക്കിക്കിട്ടാതിരിക്കുകയോ ചെയ്താൽ ആ സംഭാവന ഉപയോഗിച്ചുണ്ടാക്കിയ ആസ്തികൾ കേന്ദ്രസർക്കാർ നിയോഗിക്കുന്ന പ്രത്യേക അതോറിറ്റിക്ക് ഏറ്റെടുക്കാമെന്ന വ്യവസ്ഥയാണ് വിവാദമായിരിക്കുന്നത്.

ആറുവർഷം മുൻപ് എഫ്.സി.ആർ.എ. അക്കൗണ്ടുകൾ ന്യൂഡൽഹിയിലെ എസ്.ബി.ഐ. മെയിൻ ബ്രാഞ്ചിൽ മാത്രമാക്കി നിയമം ഭേദഗതിചെയ്തിരുന്നു. ഇപ്പോൾത്തന്നെ കർശന ചട്ടക്കൂടുള്ള നിയമത്തിന് വീണ്ടും ഭേദഗതി കൊണ്ടുവരുന്നത് ദുരുദ്ദേശ്യപരമാണെന്നാണ് ക്രൈസ്തവസഭകളുടെ നിലപാട്. ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയാലും പല കാരണങ്ങളാൽ തടയുകയോ റദ്ദാക്കുകയോ ചെയ്യുന്ന രീതി ഇപ്പോൾത്തന്നെയുണ്ട്.

ഈ സാഹചര്യത്തിൽ നിർദിഷ്ട നിയമഭേദഗതി സാമൂഹിക, വിദ്യാഭ്യാസ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിദേശ സംഭാവനകളെ ആശ്രയിക്കുന്ന ന്യൂനപക്ഷ സാമൂഹിക സംഘടനകളുടെ പ്രവർത്തന സ്വാതന്ത്ര്യത്തിനും നിലനിൽപിനും ഭീഷണി ഉയർത്തുന്നതാണ്. ഇതിനകം തന്നെ ചില രൂപതകളുടെ ലൈസൻസ് റദ്ദുചെയ്യുകയും കനത്ത തുക പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ സി.ബി.സി.ഐ അടക്കമുള്ള ക്രൈസ്തവ സഭാ നേതൃത്വവും വിവിധ സംഘടനകളും രംഗത്തെത്തിയ സാഹചര്യത്തിൽ ന്യൂനപക്ഷ അവകാശങ്ങളെ നിരന്തരം അവഗണിക്കുന്ന കേന്ദ്രസർക്കാർ നയങ്ങൾ പ്രതിഷേധാർഹമാണെന്നും ഭേദഗതി ബിൽ പുനപരിശോധിക്കണം എന്ന് കെ.സി.വൈ.എം സംസ്ഥാന സമിതി ആവശ്യപ്പെട്ടു.

കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് ഷിബിൻ ഷാജി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി കാസി പൂപ്പന, ഡയറക്ടർ ഫാ. ഡിറ്റോ കൂള, അസി. ഡയറക്ടർ സി. നോർബർട്ട സി.ടി.സി വൈസ് പ്രസിഡന്റുമാരായ ആഗി മരിയ, സാം സണ്ണി, സെക്രട്ടറിമാരായ ജോയൽ ജോൺ റോയ്, സെഞ്ചു ജേക്കബ്, പ്രിൻസി പീറ്റർ, ധന്യ മോഹൻരാജ്, ട്രഷറർ ജെൻസൺ ആൽബി തുടങ്ങിയവർ സംസാരിച്ചു.

# അസറ്റ് ഹോംസ് 'ഫെയറി ലൈറ്റ്സ്' അലങ്കാരമത്സരം: തൃശൂർ ശോഭ സിറ്റിക്ക് ഒന്നാം സ്ഥാനം

**കൊച്ചി:** പ്രമുഖ ബിൽഡറായ അസറ്റ് ഹോംസ്, ക്രിസ്തുമസ്-പുതുവത്സര സീസൺ പ്രമാണിച്ച് അപ്പാർട്ടുമെന്റുകളിലെയും വില്ലകളിലെയും പൊതുപൂമുഖങ്ങൾക്കായി സംഘടിപ്പിച്ച 'ഫെയറി ലൈറ്റ്സ്' ഡെക്കോർ മത്സരത്തിൽ തൃശൂർ ശോഭ സിറ്റി ഒന്നാം സ്ഥാനം നേടി. അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ സുനിൽ കുമാർ വി. പുരസ്കാരങ്ങൾ വിതരണം ചെയ്തു. ഒന്നാം സ്ഥാനം നേടിയ ശോഭ സിറ്റിക്കു വേണ്ടി നന്ദകുമാർ, ബിജു ഒല്ലൂക്കാരൻ, ജിസ്മ ബിജു എന്നിവർ ചേർന്ന് ഒന്നാം സമ്മാനമായ ഒരു ലക്ഷം രൂപ ക്യാഷ് അവാർഡ് ഏറ്റുവാങ്ങി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 145-ഓളം ഫ്ളാറ്റ്-വില്ല അസോസിയേഷനുകൾ പങ്കെടുത്ത മത്സരത്തിൽ, തൃശൂരിലെ സ്കൈലൈൻ അവന്യൂ സ്വീറ്റ്സ് രണ്ടാം സ്ഥാനവും (50,000 രൂപ) കാലിക്കറ്റ് ഹൈലൈറ്റ് മെട്രോമാക്സ് മൂന്നാം സ്ഥാനവും (25,000 രൂപ) നേടി. മികച്ച പ്രകടനം കാഴ്ചവെച്ച പത്ത് ടീമുകൾക്ക് 5,000 രൂപ വീതം പ്രോത്സാഹന സമ്മാനങ്ങളും നൽകി. കൊല്ലം അസറ്റ് ഗ്രാന്റിയോസ് സാൻഫോർഡ്, കൊച്ചി അസറ്റ് ആൽപൈൻ ഓക്സ്, തൃശൂർ അസറ്റ് പ്രെഷ്യസ്സ്, കൊച്ചി സ്കൈലൈൻ സിറ്റി പാർക്ക്, പാലക്കാട് ബിൽടെക്ക് പവലിയൻ, തിരുവനന്തപുരം വിൻഡ്ബ്രൂക്ക് പ്ലേസ്, കൊച്ചി കെന്റ് ഓക്ക് വില്ല, കൊച്ചി നന്മ ഫെനിക്സ് അപ്പാർട്ടുമെന്റ്സ്, കൊച്ചി ലോട്ടസ് പാലക്കാട്ടിൽ ഹാബിറ്റാറ്റ്, തിരുവനന്തപുരം ട്രാവൻകൂർ മെറിഡിയൻ എന്നിവരാണ് പ്രോത്സാഹന സമ്മാനങ്ങൾ നേടിയത്. മൊത്തം 2.25 ലക്ഷം രൂപയുടെ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.




# രാജ്യത്തെ 71 ശതമാനം പേരും തങ്ങളുടെ ഏറ്റവും വിലമതിക്കുന്ന നിമിഷങ്ങൾ ചെലവഴിക്കുന്നത് ലിവിങ് റൂമിലെന്ന് സർവ്വേ

**കൊച്ചി:** വീടുകളിലും ജോലി സ്ഥലത്തും വൈകാരികമായി മികച്ച രീതിയിൽ തുടരുന്നതിനെ കുറിച്ചും ആധുനീക ഇന്ത്യൻ ഉപഭോക്താക്കളുടെ സൗകര്യങ്ങളെ കുറിച്ചും മുൻനിര ഫർണീച്ചർ ബ്രാൻഡ് ആയ ഇൻറീരിയോ ബൈ ഗോദ്റെജ് നടത്തിയ മോമെൻറ്സ് ദാറ്റ് മാറ്റർ സർവ്വേ ഫലങ്ങൾ പുറത്തു വിട്ടു. ഉറക്കം, ഭക്ഷണം പാകം ചെയ്യൽ, വ്യക്തിപരമായ സമയം തുടങ്ങിയ സ്ഥിരം പതിവുകൾ ലിവിങ് റൂമുകളിൽ എത്രത്തോളം കേന്ദ്രീകൃതമായിരിക്കുന്നു എന്നു പഠനം ചൂണ്ടിക്കാട്ടുന്നുണ്ട്. ആധുനീക ജീവിതത്തിലെ സമ്മർദ്ദങ്ങൾക്കിടെയുള്ള സന്തുലനത്തിനു സഹായകമായ വൈകാരികമായ ഇടമെന്ന ഇന്ത്യൻ വീടുകളുടെ സ്ഥാനം വർധിച്ചു വരികയാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.



ബെഡ്റൂമുകൾ വൈകാരികമായി ഏറെ പ്രധാനപ്പെട്ടതാണ്. സർവ്വേയിൽ പങ്കെടുത്ത 90 ശതമാനം പേരും സൗകര്യങ്ങൾ, പുനരുജ്ജീവനം, വിശ്രമം എന്നിവയുമായി ഇതിനെ ബന്ധിപ്പിക്കുന്നു. തങ്ങളുടെ സ്വന്തം കിടക്കയിൽ ഉറങ്ങുമ്പോഴാണ് ഏറ്റവും വിലയേറിയ ഭവന നിമിഷങ്ങൾ

ലഭിക്കുന്നതെന്ന് സർവ്വേയിൽ പങ്കെടുത്ത 54 ശതമാനം പേരും ചൂണ്ടിക്കാട്ടി. അടുക്കള കേവലം ജോലി ചെയ്യാനുള്ള ഇടം എന്നതിൽ നിന്നു മാറി വൈകാരികമായ. ഒരിടമായി മാറുകയാണ്.

നഗരത്തിന്റെ തിരക്കിൽ നിന്ന് ആശ്വാസം നൽകുന്ന ഇടങ്ങളായി ബാൽക്കണികൾ മാറുന്നുവെന്നും പലരും ചൂണ്ടിക്കാട്ടി.

മോമൻറ്സ് ദാറ്റ് മാറ്റർ എന്ന പഠനം കേവലം ഗവേഷണത്തിൽ ഉപരിയായ ഒന്നാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ഇൻറീരിയോ ബൈ ഗോദ്റെജ് സീനിയർ വൈസ് പ്രസിഡൻറും കൺസ്യൂമർ ബിസിനസ് മേധാവിയുമായ ഡോ. ദേവ് നാരായൺ സർക്കാർ പറഞ്ഞു. ഭാവിയിലെ വീടുകളുടേയും ജോലി സ്ഥലങ്ങളുടേയും ഡിസൈൻ സംബന്ധിച്ച ഇന്ത്യൻ ഉപഭോക്താക്കളുടെ കാഴ്ചപ്പാടുകൾ ഈ പഠനത്തിലൂടെ പ്രതിഫലിപ്പിക്കപ്പെടുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.



# വളർച്ച തുടർന്ന് സ്കോഡ; ഈ വർഷത്തെ ആദ്യ ത്രൈമാസത്തിൽ റെക്കോർഡ് വിൽപന

**കൊച്ചി:** സ്കോഡ ഇന്ത്യ കഴിഞ്ഞ വർഷത്തെ മികച്ച വിൽപന വളർച്ച 2026-ലും തുടരുന്നു. ഈ വർഷം ജനുവരി മുതൽ മാർച്ച് വരെ 20,028 കാറുകൾ വിറ്റു. ഇത് എക്കാലത്തേയും ഉയർന്ന ത്രൈമാസികാ വിൽപനയാണ്.

കഴിഞ്ഞ വർഷം ഇതേകാലയളവിൽ 17,138 കാറുകളാണ് വിറ്റിരുന്നത്. 17% വളർച്ചയാണ് ഈ വർഷം ജനുവരി- മാർച്ച് കാലയളവിൽ സ്കോഡ ഇന്ത്യ നേടിയത്.

സ്കോഡ ഓട്ടോ ഇന്ത്യയുടെ പ്രകടനത്തിന് ചുക്കാൻ പിടിക്കുന്നത് കൈലാഖ് ആണ്. ഇന്ത്യൻ വിപണിയിൽ 50,000-ൽ അധികം യൂണിറ്റുകൾ എന്ന നാഴികക്കല്ല് കൈലാഖ് നേടിയിരുന്നു.

കൂടാതെ, പുതിയ കുഷാക്കും സ്ലാവിയയിൽനിന്നുള്ള സുസ്ഥിരമായ പിന്തുണയും പ്രീമിയം എസ് യു വി സെഗ്മെന്റിൽ കോഡിയാഖിനുള്ള ഡിമാൻഡും സ്കോഡ ഓട്ടോ ഇന്ത്യയുടെ വളർച്ചയെ ഈ വർഷം മുന്നോട്ട് നയിക്കുന്നു.




## പയനിയർ ഫിൽ-മെഡ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** റെയിൽവേ, മെട്രോ ഉപകരണങ്ങൾ, ലോക്കോമോട്ടീവ്, കോച്ച് ആപ്ലിക്കേഷൻ വിഭാഗത്തിനായുള്ള അനുബന്ധ ഘടകങ്ങൾ എന്നിവയുടെ ഇന്ത്യയിലെ മുൻനിര നിർമ്മാതാക്കളും വിതരണക്കാരുമായ പയനിയർ ഫിൽ-മെഡ് ലിമിറ്റഡ് പ്രാഥമിക പൊതു ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാരംഭ രേഖകൾ (ഡിആർഎച്ച്പി) സമർപ്പിച്ചു.

ഡീസൽ-ഇലക്ട്രിക്, ഇലക്ട്രിക് പ്ലാറ്റ്ഫോമുകളിൽ ശക്തമായ സാന്നിധ്യമുള്ള കമ്പനി ഒരു രൂപ മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 500 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

250 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 250 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, ഇക്വിറസ് കാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# 8,850 കോടി രൂപ നിക്ഷേപത്തിലൂടെ സമ്മാൻ ക്യാപിറ്റൽ ഏറ്റെടുത്ത് ഐഎച്ച്സി ഗ്രൂപ്പ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബാങ്കിതര ധനകാര്യ സ്ഥാപനമായ (എൻബിഎഫ്സി) സമ്മാൻ ക്യാപിറ്റലിനെ അബുദാബി ആസ്ഥാനമായ ഇന്റർനാഷണൽ ഹോൾഡിംഗ് കമ്പനി (ഐഎച്ച്സി) ഏറ്റെടുത്തു. ആദ്യഘട്ടത്തിൽ 5,652 കോടി രൂപയുടെ നിക്ഷേപമാണ് ഐഎച്ച്സി നടത്തിയത്. മുൻഗണനാ ഓഹരികൾ, വാറന്റുകൾ ഉൾപ്പെടെ 41.5 ശതമാനത്തിന്റെ ഓഹരി പങ്കാളിത്തമാണ് ഐഎച്ച്സി നേടിയത്. ഒന്നര വർഷത്തിനുള്ളിൽ 3,198 കോടി രൂപയുടെ നിക്ഷേപം നടത്തും. ഏറ്റെടുക്കൽ പൂർത്തിയാകുന്നതോടെ സമ്മാൻ ക്യാപിറ്റലിന്റെ 63.3 ശതമാനം ഓഹരികളും ഐഎച്ച്സി കരസ്ഥമാക്കും. ഐഎച്ച്സിയുടെ അനുബന്ധ സ്ഥാപനമായ അവെനീർ ഇൻവെസ്റ്റ്മെന്റ് വഴിയാണ് നിക്ഷേപം നടത്തുന്നത്. ആഗോളതലത്തിൽ 22.4 ലക്ഷം കോടി രൂപയുടെ ആസ്തി കൈകാര്യം ചെയ്യുന്ന, ഐഎച്ച്സിയുടെ സാമ്പത്തിക സേവന പ്ലാറ്റ്ഫോമായ ജൂഡാൻ ഫിനാൻഷ്യലിന് കീഴിലാകും സമ്മാൻ ക്യാപിറ്റൽ പ്രവർത്തിക്കുക. ഭവന വായ്പകൾക്കു പുറമെ എല്ലാവിധ സാമ്പത്തിക സേവനങ്ങളും ലഭ്യമാക്കുന്ന രാജ്യത്തെ മുൻനിര എൻബിഎഫ്സി ആകുകയാണ് ലക്ഷ്യമിടുന്നതെന്ന് സമ്മാൻ ക്യാപിറ്റൽ ലിമിറ്റഡ് ഡയറക്ടറും സിഇഒയുമായ ഗഗൻ ബംഗ പറഞ്ഞു. ഉപഭോക്തൃ കേന്ദ്രീകൃത ബിസിനസ് പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ മുഴുവൻ ആളുകളിലേക്കും സേവനമെത്തിക്കുകയാണ് വിപുലീകരണത്തിലൂടെ ശ്രമിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2029ഓടെ ഇന്ത്യയിലുടനീളം 1500 ശാഖകൾ തുറക്കുമെന്നും ഗഗൻ ബംഗ അറിയിച്ചു. നിലവിൽ 220 ശാഖകളാണ് സമ്മാൻ ക്യാപിറ്റലിനുള്ളത്.

# ലോക ഓട്ടിസം ദിനത്തിൽ ഭിന്നശേഷി സൗഹൃദ സമൂഹത്തിനായി ഒരുമിച്ച് ജെയിൻ യൂണിവേഴ്സിറ്റിയും പ്രയത്നയും

**കൊച്ചി:** ലോക ഓട്ടിസം ദിനാചരണത്തോടനുബന്ധിച്ച് 'ബിയോണ്ട് ലേബലസ്: ചേർത്തുപിടിക്കാം ഓട്ടിസത്തിലെ ന്യൂറോഡൈവേഴ്സിറ്റി' എന്ന വിഷയത്തിൽ പ്രത്യേക സെഷൻ സംഘടിപ്പിച്ച് ജെയിൻ (ഡീംഡ്-ടു-ബി യൂണിവേഴ്സിറ്റി) കൊച്ചിയും പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റും. പരിപാടിയിൽ, ജെയിൻ സർവകലാശാലയിലെ ഫാക്കൽറ്റി അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും ഓട്ടിസമുള്ളവരെ കൂടി ചേർത്തുപിടിക്കാനും, ന്യൂറോഡൈവേർജന്റ് പഠിതാക്കളെ പിന്തുണയ്ക്കുന്നതുമായുള്ള രീതികളിൽ പ്രയത്നയിലെ വിദഗ്ധർ പ്രത്യേക പരിശീലനം നൽകി.

എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു അക്കാദമിക് അന്തരീക്ഷത്തിന് ആവശ്യമായ പ്രായോഗിക രീതികൾ ഉപയോഗിക്കാൻ അധ്യാപകരെ സജ്ജരാക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യമെന്ന് കൊച്ചി ജെയിൻ യൂണിവേഴ്സിറ്റിയിലെ ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് പറഞ്ഞു.

ജെയിൻ സർവകലാശാലയിലെ പ്രത്യേക മാർഗ്ഗനിർദ്ദേശം ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികൾക്കും പ്രയത്ന പരിശീലനം നൽകുമെന്ന് കൊച്ചി പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ് സ്ഥാപകൻ ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി പറഞ്ഞു.




ഡോ. ജോസഫ് സണ്ണി കുന്നശ്ശേരിയോടൊപ്പം പ്രയത്നയിലെ ഡോ. നേഹ മേനോൻ, അഷിത പോൾ, ദിവ്യ കൃഷ്ണ എന്നിവരും ജെയിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിന്ദു മേനോൻ, ഡോ. ജീന മാധവൻ, ഡോ. റേച്ചൽ ജ്യോതി അലക്സ്, സൈക്കോളജി വിഭാഗം ഫാക്കൽറ്റി അംഗങ്ങൾ എന്നിവരും പരിപാടിയുടെ ഭാഗമായി.

## മാർക്കറ്റ് മേക്കർമാരുടെ നിയമനം പൂർത്തിയായതായി എംഎസ്ഇ

**കൊച്ചി:** തങ്ങളുടെ ഇക്വിറ്റി വിഭാഗത്തിലേക്ക് മാർക്കറ്റ് മേക്കർമാരെ നിയമിക്കുന്ന പ്രക്രിയ വിജയകരമായി പൂർത്തിയാക്കിയതായി എംഎസ്ഇ അറിയിച്ചു. ഈ പുതിയ നീക്കം വിപണിയുടെ വ്യാപ്തി വർദ്ധിപ്പിക്കാനും, കൃത്യമായ വില നിർണ്ണയത്തിനും, കൂടുതൽ മികച്ച വ്യാപാര അനുഭവം ഉറപ്പാക്കാനും സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് എംഎസ്ഇ പറഞ്ഞു.

വിപണിയിലെ പങ്കാളിത്തം കൂടുതൽ സജീവമാക്കാനും ഊർജ്ജസ്വലമായ ഒരു വ്യാപാര മേഖല സൃഷ്ടിക്കാനുമുള്ള നിരന്തര ശ്രമങ്ങളുടെ ഭാഗമായി, 2026 ഏപ്രിൽ ഒന്ന് മുതൽ പണലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നടപടികൾക്ക് എംഎസ്ഇ തുടക്കം കുറിക്കും. എല്ലാവർക്കും സുതാര്യവും കാര്യക്ഷമവും മത്സരാധിഷ്ഠിതവുമായ ഒരു വിപണി ഒരുക്കാനുള്ള എംഎസ്ഇയുടെ ശക്തമായ പ്രതിബദ്ധതയാണ് ഈ നടപടികൾ വ്യക്തമാക്കുന്നതെന്ന് അധികൃതർ പറഞ്ഞു.

# മാൽഡീവിയൻ ഇന്ത്യൻ ഓപ്പറേഷൻ 18 വർഷം പൂർത്തിയാക്കി




**കൊച്ചി:** മാലിദ്വീപ് ദേശീയ എയർലൈൻ കമ്പനിയായ മാൽഡീവിയൻ ഇന്ത്യയിലേക്കുള്ള വിമാന സർവീസ് 18 വർഷം പൂർത്തിയാക്കി. ഇതിന്റെ ഭാഗമായി കമ്പനി പ്രത്യേക ആഘോഷ പരിപാടി സംഘടിപ്പിച്ചു. പ്രധാന പാർട്ണർമാർ, സഹപ്രവർത്തകർ, ടീമംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. പരിപാടിയിൽ ദീർഘകാലം കമ്പനിയിൽ സേവനം അനുഷ്ഠിച്ച ജീവനക്കാർക്കും പാർട്ണർമാർക്കും പുരസ്കാര വിതരണം നടത്തി.

നിലവിൽ മാൽഡീവിയൻ തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിലേക്ക് അഞ്ച് പ്രതിവാര സർവീസുകൾ നടത്തുന്നു. കഴിഞ്ഞ പതിനെട്ട് വർഷത്തിനിടെ ഈ റൂട്ടുകൾ പ്രധാന വിപണികളിലേക്കുള്ള പ്രവേശനം ശക്തിപ്പെടുത്തുന്നതിനും മാലിദ്വീപും ഇന്ത്യയിലെ പ്രധാന നഗരങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിലും നിർണായക പങ്കുവഹിച്ചതായി കമ്പനി അറിയിച്ചു. ടൂറിസം, വ്യാപാരം, വിദ്യാഭ്യാസം, മെഡിക്കൽ രംഗങ്ങളുമായി ബന്ധപ്പെട്ട യാത്രകൾക്കുള്ള പിന്തുണയ്ക്കൊപ്പം ഇരു അയൽ രാജ്യങ്ങളും തമ്മിലുള്ള ബന്ധം ദൃഢമാക്കാനും കമ്പനി സംഭാവന നൽകുകയുണ്ടായി.

ഇന്ത്യയിലേക്കുള്ള മാൽഡീവിയന്റെ സേവനം മാലിദ്വീപും ഇന്ത്യയും തമ്മിലുള്ള ശക്തമായ പ്രാദേശിക ബന്ധങ്ങൾ നിലനിർത്തുന്നതിനും യാത്രക്കാർക്ക് കൂടുതൽ സൗകര്യം നൽകുന്നതിനുമുള്ള പ്രതിബദ്ധതയെ അടിവരയിടുന്നതായി കമ്പനി അറിയിച്ചു. മാലിദ്വീപിലെ ഏറ്റവും വലിയ ആഭ്യന്തര ശൃംഖലയുള്ള എയർലൈൻയായ മാൽഡീവിയൻ ഇന്ത്യയിൽ നിന്ന് എത്തുന്ന യാത്രക്കാർക്ക് രാജ്യത്തിനകത്തുള്ള വിവിധ ലക്ഷ്യസ്ഥാനങ്ങളിലേക്കുള്ള സൗകര്യപ്രദമായ കണക്ഷനുകളും നൽകി വരുന്നു. കഴിഞ്ഞ 18 വർഷങ്ങളായി ഇന്ത്യ മാൽഡീവിയന്റെ അന്താരാഷ്ട്ര യാത്രയുടെ അവിഭാജ്യ ഘടകമാണെന്ന് മാൽഡീവിയൻ മാനേജിംഗ് ഡയറക്ടർ ഇബ്രാഹിം ഇയ്യാസ് പറഞ്ഞു. വിമാന സർവീസുകൾ കൂടുതൽ വ്യാപിപ്പിക്കുക വഴി മാലിദ്വീപും ഇന്ത്യയും തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിൽ സംഭാവന തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# ചേതക് സ്ക്രീൻ അവാർഡുകളുടെ ലൈവ് സ്ട്രീമിങ് ഏപ്രിൽ അഞ്ചിന്

**കൊച്ചി:** ഇന്ത്യൻ ചലച്ചിത്ര ലോകം ഏറ്റവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചേതക് സ്ക്രീൻ അവാർഡ് നിശ ഏപ്രിൽ അഞ്ചിനു നടക്കും. ഇതാദ്യമായി അവാർഡ് ദാന ചടങ്ങ് യുട്യൂബ്, സോണി എന്റർടൈമെന്റ് ടെലിവിഷൻ, സോണി ലിവ് എന്നിവയിൽ ലൈവ് സ്ട്രീമിങും നടത്തും.

ആഗോള തലത്തിൽ വളർന്നു വരുന്ന ഡിമാൻഡ് കണക്കിലെടുത്തുള്ള ഈ ലൈവ് സ്ട്രീമിങ് രാത്രി എട്ടു മണിക്കാവും ആരംഭിക്കുക. ശക്തമായ യുവ, സമകാലീന ബ്രാൻഡ് ആയി ചേതക് വളരുന്നതു തുടരുന്ന പശ്ചാത്തലത്തിൽ ആഴത്തിലെ സാംസ്കാരിക പ്രാധാന്യമുള്ള ഇത്തരം വേദികളിൽ മുഴുകുന്നത് വളരെ പ്രധാനപ്പെട്ടതാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ബജാജ് ഓട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ രാകേഷ് ശർമ്മ പറഞ്ഞു. സ്ക്രീൻ അവാർഡിന് ഇന്ത്യൻ സിനിമാ വ്യവസായ മേഖലയിൽ ദശാബ്ദങ്ങളായി വൻ പ്രാധാന്യമാണു ലഭിച്ചു വരുന്നത്.

# വോട്ട് ചെയ്യാൻ ആഹ്വാനം ചെയ്ത് ജില്ലാ കളക്ടറും അസി. കളക്ടറും; ഇൻഫോപാർക്കിൽ ഫ്ളാഷ് മോബ്



**കൊച്ചി:** വോട്ട് ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്കരണത്തിന്റെ ഭാഗമായി ഇൻഫോപാർക്ക് ഫേസ് ഒന്ന് കാമ്പസിൽ ഫ്ളാഷ് മോബും പ്രതിജ്ഞയും സംഘടിപ്പിച്ചു. സ്വീപിന്റെ(സിസ്റ്റമാറ്റിക് വോട്ടേഴ്സ് എജ്യുക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ) ആഭിമുഖ്യത്തിൽ ഇൻഫോപാർക്കിലെ ജീവനക്കാരുടെ കൂട്ടായ്മയായ പ്രോഗ്രസീവ് ടെക്കീസുമായി ചേർന്നായിരുന്നു പരിപാടി.

ജില്ലാകളക്ടർ ജി പ്രിയങ്ക ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ കളക്ടറും അസി. കളക്ടർ പാർവതി ഗോപകുമാർ തുടങ്ങിയവരും ഐടി ജീവനക്കാരുമായി സംവദിച്ചു. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഓരോ പൗരന്റെയും കടമയും അവകാശവുമാണ് വോട്ടെന്ന് ജില്ലാ കളക്ടർ ചൂണ്ടിക്കാട്ടി.

തുടർന്ന് പ്രോഗ്രസീവ് ടെക്കീസ് സംഘടിപ്പിച്ച ഫ്ളാഷ് മോബും അരങ്ങേറി. ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ, ഇൻഫോപാർക്ക് എജിഎം- അഡ്മിനിസ്ട്രേഷൻ സജിത്ത് എൻ.ജി തുടങ്ങിയവർ പങ്കെടുത്തു.

